**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
(ഹാജർ : **SUNIL KUMAR S**)

നം.**DIC/2020/2026-EE3** തീയതി : **30-04-2026**

വിഷയം:- വ്യവസായം - ജീവനക്കാര്യം - ശ്രീ.ജോസഫ്.എൻ.ഡി, ക്ലാർക്ക് - സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **31.08.2021** തീയതിയിലെ ഡിഐസി/**3306/2020**-ഇഇ3 നമ്പർ നടപടിക്രമം.
2. തൃശൂർ ജില്ലാ പി.എസ്.സി ഓഫീസിൽ നിന്നുമുള്ള **15.12.2020** തീയതിയിലെ **R I (3) 502/17 (8)** നമ്പർ നിയമന ശിപാർശ.
3. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ **25.01.2021** തീയതിയിലെ ഡിഐസി/**296/2020**-ഇഎ1 നമ്പർ നടപടിക്രമം.
4. തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മനേജറുടെ **14.08.2025** തീയതിയിലെ ഡിഐസിടിഎസ്ആർ/**615/2025**-എ1 നമ്പർ കത്ത്.

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിലെ **31.12.2020** വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പരാമർശം (2) പ്രകാരം ശ്രീ.ജോസഫ്.എൻ.ഡി-ക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകുകയും, പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ക്ലാർക്ക് തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.ജോസഫ്.എൻ.ഡി ഉൾപ്പെട്ടിരുന്നില്ല. താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിന്മേൽ പരാതി /ആക്ഷേപം സമർപ്പിക്കാൻ സമയം നൽകിയിരുന്നുവെങ്കിലും ശ്രീ.ജോസഫ്.എൻ.ഡി പരാതി സമർപ്പിച്ചിരുന്നില്ല. നിലവിൽ ശ്രീ.ജോസഫ്.എൻ.ഡി, തന്നെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഈ ഓഫീസിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ **31.12.2020** വരെയുള്ള പരാമർശം (1) സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.ജോസഫ്.എൻ.ഡി-യെ ഉൾപ്പെടുത്തേണ്ടതുണ്ട്.

2.മേൽ സാഹചര്യത്തിൽ ശ്രീ.ജോസഫ്.എൻ.ഡി-യെ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന **31.12.2020** വരെയുള്ള ക്ലാർക്കുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ.നം.343 സീനിയോരിറ്റി നം.30/20 ശ്രീമതി.ആശാ.എസ്.നായർ-ന്റെയും ക്രമ.നം.344 സീനിയോരിറ്റി നം. 31/20 ശ്രീ.അരുൺ.വി.എൽ-ന്റെയും ഇടയിൽ ക്രമ.നം.343-A സീനിയോരിറ്റി നം. 30-A/20 ആയി ഉൾപ്പെടുത്തി പ്രസ്തുത സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**SUNIL KUMAR S**
**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്:- 1.ശ്രീ.ജോസഫ്.എൻ.ഡി, ക്ലാർക്ക്.

2.ശ്രീ.അരുൺ.വി.എൽ, ക്ലാർക്ക്.

പകർപ്പ് :

1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ.
2. ഇഎ, ഇസി, ഐടി സെക്ഷൻ.

ഉത്തരവിൻപ്രകാരം

Digitally signed by
Sindhu P G
Date: 30-04-2026
16:10:57

സ്പെഷ്യൽ ഓഫീസർ